ഒരു സാമ്പത്തികവർഷത്തെ ലേലത്തിൽ എല്ലാ കള്ളുഷാപ്പുകളും ഒരു വർഷത്തേക്കാണ് ആദ്യം ലേലം വിളിക്കുക. ഒരു വർഷത്തേക്ക് റേഞ്ച് അടിസ്ഥാനത്തിലോ, ഗ്രൂപ്പ് അടിസ്ഥാനത്തിലോ വിളിക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ മൂന്നു വർഷത്തിൽ കവിയാത്ത കാലയളവിലേക്കുള്ള ലേലം പരിഗണിക്കാവുന്നതാണ് എന്നാണ് നയം. ഒരു വർഷത്തേക്കുള്ള ലേലവ്യവസ്ഥ തന്നെയാണ് ഒന്നിൽകൂടുതൽ വർഷത്തേക്കുള്ള ലേലത്തിനും ബാധകം.

42 (1774) തൃശ്ശൂർ ജില്ലയിലെ ഷാപ്പുലേലം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ തൃശ്ശൂർ ജില്ലയിലെ ഓരോ റെയ്ഞ്ചുകളിലേക്കും കള്ളുഷാപ്പുകൾ എന്തു സംഖ്യയ്ക്ക് ആണ് ലേലം ചെയ്തു കൊടുത്തിട്ടുള്ളത്;

(ബി) മൂന്നു വർഷത്തേക്ക് കള്ളുഷാപ്പുകൾ ലേലത്തിൽ എടുത്ത കരാറുകാർ ഷാപ്പുകൾ ഉപേക്ഷിച്ചതിനെത്തുടർന്ന് ഈ കാലയളവിൽ എത്ര തവണ പുനർലേലം ചെയ്തു; എത്ര തവണ ഓഫറുകൾ വാങ്ങി;

(സി) വീണ്ടും പുനർലേലവും ഓഫറുകളും വാങ്ങിയതിനെത്തുടർന്ന് ഓരോ റേഞ്ചിലും സർക്കാരിനു കിട്ടേണ്ട റവന്യൂ വരുമാനത്തിൽ എത്ര സംഖ്യ കുറച്ചുവന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ നിന്ന് ഈ മൂന്നു വർഷങ്ങളിലായി സർക്കാരിനു കിട്ടിയ സംഖ്യയെത്ര;

(ഇ) ഇതിന്റെ റേഞ്ച് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കള്ളുഷാപ്പുകൾ മൂന്നു വർഷത്തേയ്ക്കാണ് (1997-2000) ലേലം ചെയ്തിരിക്കുന്നത്. അവയുടെ ഒരു വർഷത്തേയ്ക്കുള്ള ആനുപാതിക തുക താഴെ പറയുന്ന പ്രകാരമാണ്.

റേഞ്ച്	1997-98	1998-99	1999-2000
ചേർപ്പ്	19500333	19500333	19500334
തൃശ്ശൂർ	14800000	14800000	14800000
അന്തിക്കാട്	29500000	29500000	29500000
ഇരിങ്ങാലക്കുട	50333333	50333333	50333334
ചാലക്കുടി	19001666	19001666	19001668
മാള	11666666	11666666	11666668
വടക്കാഞ്ചേരി	16000000	16000000	16000000
പഴയന്നൂർ	3025000	3025000	3025000
കുന്നംകുളം	26666666	26666666	26666668
ചാവക്കാട്	19503333	19503333	19503334
വാടാനപ്പള്ളി	16003333	16003333	16003334
കൊടുങ്ങല്ലൂർ	30003333	30003333	30003334
	256003663	256003663	256003674

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർപ്പ്, അന്തിക്കാട് റേഞ്ചുകളിൽ രണ്ടുതവണയും തൃശ്ശൂർ, ഇരിങ്ങാലക്കുട, ചാലക്കുടി, മാള, വടക്കാഞ്ചേരി, പഴയന്നൂർ കുന്നംകുളം, ചാവക്കാട്, വാടാനപ്പള്ളി, കൊടുങ്ങല്ലൂർ എന്നീ റേഞ്ചുകളിൽ ഓരോ തവണ വീതവും പുനർലേലം ചെയ്തിട്ടുണ്ട്. ലേലത്തോടനുബന്ധിച്ച് ഓഫറുകൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുനർലേലത്തെത്തുടർന്ന് ഓരോരോ റേഞ്ചിലും കിസ്ത് ഇനത്തിൽ ഉണ്ടായ കുറവു തുക താഴെപ്പറയുന്ന പ്രകാരമാണ്. പുനർ ലേലത്തിൽ ഷാപ്പിന്റെ ലേലസംഖ്യയിലുണ്ടായ കുറവ് നിയമാനുസരണം ഷാപ്പിന്റെ ഒറിജിനൽ ലൈസൻസികളിൽനിന്നും ഈടാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

റേഞ്ച്	തുക
ചേർപ്പ്	51717666
തൃശ്ശൂർ	26150000
അന്തിക്കാട്	86800000
ഇരിങ്ങാലക്കുട	116898900
ചാലക്കുടി	36803200
മാള	20733200
വടക്കാഞ്ചേരി	30900000
പഴയന്നൂർ	5450000
കുന്നംകുളം	51833200
ചാവക്കാട്	37006600
വാടാനപ്പള്ളി	31306300
കൊടുങ്ങല്ലൂർ	58206000

ആകെ	553805066

(ഡി) കള്ളിന്റെ കിസ്തു തുക ഇനത്തിൽ 1997-2000 വർഷത്തിൽ നാളിതുവരെ 14,16,81,900/- രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) റേഞ്ച് അടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു.

റേഞ്ച്	1997-98	1998-99	1999-2000
ചേർപ്പ്	7107085	441782	150000
തൃശ്ശൂർ	8632258	6083337	1216668
അന്തിക്കാട്	9086115	525664	--
ഇരിങ്ങാലക്കുട	17862648	11367040	2273408
ചാലക്കുടി	9751080	353425	120000
മാള	6453400	765754	260000
വടക്കാഞ്ചേരി	8200000	573974	110000
പഴയന്നൂർ	2471250	176714	60000
കുന്നംകുളം	12675960	441781	150000
ചാവക്കാട്	9752220	589042	200000
വാടാനപ്പള്ളി	8001850	206165	--
കൊടുങ്ങല്ലൂർ	15002000	531340	90000

LIBRARY ARCHIVES Kerala Legislative Assembly

ആകെ	114995866	22056018	4630076

43 (1775) വ്യാജമദ്യ വില്പനക്കാർക്കുള്ള ശിക്ഷ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യ വില്പനക്കാർക്ക് കടുത്ത ശിക്ഷ ഏർപ്പെടുത്തിക്കൊണ്ട് ഭേദഗതി ചെയ്ത അബ്കാരി നിയമം സംസ്ഥാനത്ത് നടപ്പാക്കിത്തുടങ്ങിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെയാണ് ഈ നിയമത്തിലെ പ്രധാന ശിക്ഷാവിധികൾ എന്നു വ്യക്തമാക്കുമോ;

(സി) ഈ നിയമം നിലവിൽ വന്നതിനുശേഷം വ്യാജമദ്യ വില്പന സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ഓരോ എക്സൈസ് റെയ്ഞ്ച് ഓഫീസറും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ജില്ലയിലെ ഓരോ എക്സൈസ് ഓഫീസിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്ത് നിയമനടപടികൾ തുടർന്നു വരുന്നു എന്നുള്ളതിന്റെ കണക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷ ലഭിച്ചവർ ഉണ്ടോ; എങ്കിൽ ശിക്ഷ ലഭിച്ചിട്ടുള്ള എത്രപേർ ഓരോ എക്സൈസ് ഓഫീസിന്റെ പരിധിയിലും ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3.6.1997 മുതൽ

(ബി) പ്രധാനമായും അബ്കാരി കുറ്റകൃത്യങ്ങൾക്ക് ജാമ്യം അനുവദിക്കുകയില്ല. അബ്കാരി കുറ്റം ചെയ്ത ആരെയും വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യുവാനും ശിക്ഷ കൂട്ടുവാനും തീരുമാനിച്ചു. അതിന്റെ ഫലമായി കുറ്റകൃത്യങ്ങൾക്കുള്ള പരമാവധി തടവുശിക്ഷ 10 വർഷമായും പിഴശിക്ഷ ഒരുലക്ഷം രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ പിഴ ഈടാക്കി കേസ്സ് തീർപ്പാക്കുവാനുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ അധികാരം ഇല്ലാതാക്കി. കണ്ടുപിടിക്കപ്പെടുന്ന എല്ലാ കേസ്സുകളും കോടതിയിൽ ചാർജ്ജു ചെയ്യണം എന്ന വ്യവസ്ഥ നടപ്പിലാക്കി.

(സി) എക്സൈസ് ഉദ്യോഗസ്ഥന്മാർ നിരന്തരമായ റെയ്ഡുകളും സംയുക്ത റെയ്ഡുകളും, സർപ്രൈസ് ചെക്കിംഗും ഹൈവേ പരിശോധനകളും രാത്രികാല പെട്രോളിംഗും നടത്തി കുറ്റകൃത്യങ്ങൾക്കെതിരേ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നെയ്യാറ്റിൻകര റെയ്ഞ്ച് – 103 കേസ്സുകൾ
അമരവിള റെയ്ഞ്ച് – 242 കേസ്സുകൾ
തിരുപുറം റെയ്ഞ്ച് – 106 കേസ്സുകൾ
കാട്ടാക്കട റെയ്ഞ്ച് – 163 കേസ്സുകൾ
വാമനപുരം റെയ്ഞ്ച് – 87 കേസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly